# ആരോഗ്യകല്പദ്രുമം  - പരിചയപ്പെടുത്തൽ

**ഡോ. വിനോദ് എം. വി**
ലക്ചറർ, വി. പി. എസ്. വി. ആയുർവേദകോളേജ്, കോട്ടക്കൽ

വേദിയിലും സദസ്സിലുമിരിയ്ക്കുന്ന ആരാധ്യരേ, വിഷയാവതരണത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഇതിനായി എന്നേയും അജയനേയും പോലെയുള്ള പുതിയ തല മുറയിൽപ്പെട്ട ആൾക്കാരെ ക്ഷണിച്ചതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും എസ്.എൻ. എ കാണിയ്ക്കുന്ന വിശാലമനസ്കതയ്ക്കാദ്യമേ നന്ദി രേഖപ്പെടുത്തട്ടെ. രണ്ടാമതായി എന്റെ പ്രബന്ധം ചർച്ചയ്ക്ക് വേണ്ടി സമർപ്പിക്കുന്ന ഒരു രൂപരേഖ മാത്രമാണ്. കാരണം ആരോഗ്യകല്പദ്രുമമെന്ന വിഖ്യാതഗ്രന്ഥം വായിയ്ക്കുകയും അതിനെ അടിസ്ഥാനപ്പെ ടുത്തി ചികിത്സ നിശ്ചയിക്കുകയും ചെയ്യുന്ന ഒരുപാടുപേർ സദസ്സിലും വേദിയിലുമായി ട്ടുണ്ട്. അതുകൊണ്ട് ഒരിയ്ക്കലും ഇതൊരു പൂർണ്ണമായ അവതരണമായി ഞാൻ അവ കാശപ്പെടുന്നില്ല. ഡിഗ്രിയ്ക്ക് പഠിയ്ക്കുന്ന സമയത്ത് വായിച്ചുള്ള പരിചയവും പിന്നെ ഇതിനുവേണ്ടി തയ്യാറെടുക്കുമ്പോൾ കിട്ടിയ കുറച്ച് കാര്യങ്ങളും ഉൾപ്പെടുത്തിക്കൊ ണ്ടുള്ള ഒരു അവതരണമാണിത്.

ആരോഗ്യകല്പദ്രുമത്തേക്കാൾ മുമ്പ് ഒരു ‘കേരളീയ സംസ്കൃത ബാലചികിത്സാ ഗ്രന്ഥം’ നമ്മൾ എങ്ങനെ വിലയിരുത്തണമെന്നതാണ് വായിയ്ക്കുമ്പോൾ തന്നെ തോന്നിയ സംശയം. കേരളത്തിന് സംപുഷ്ടമായ ഒരു ബാലചികിത്സാപാരമ്പര്യമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി കൈക്കുളങ്ങര രാമവാര്യർ എഴുതിയ പുസ്തകമാണ് ആരോഗ്യകല്പദ്രുമം. സംസ്കൃതത്തിലെഴുതപ്പെട്ട കേരളീയ ബാലചികിത്സാഗ്രന്ഥ ത്തിനെ എങ്ങനെ വിലയിരുത്തണമെന്നാലോചിയ്ക്കുമ്പോൾ രണ്ടുമൂന്നു പ്രശ്നങ്ങളാ ണുള്ളത്. ഒന്ന്, ഒരാളെഴുതിയത് എന്നതിനേക്കാൾ ഒരു പരമ്പരയിൽ കൂടി വന്നത്, ഉപോല്പന്നമായത് എന്ന നിലയിലാണ് ഈ പുസ്തകത്തെ വിലയിരുത്തേണ്ടത്. രണ്ടാ മത്, ഈ പുസ്തകം ഉണ്ടാകാനുള്ള സാഹചര്യം എന്താണ് എന്നതാണ്. കാശ്യപസം ഹിതപോലുള്ള പ്രസിദ്ധങ്ങളായ ബാലചികിത്സാഗ്രന്ഥങ്ങൾ നമുക്കുണ്ട്. അഷ്ടാംഗഹൃ ദയം പോലുള്ള സംഹിതാഗ്രന്ഥങ്ങളിൽ ബാലചികിത്സയെപ്പറ്റി പറയുന്നുണ്ട്. അങ്ങനെ യൊരു സന്ദർഭത്തിൽ കേരളത്തിൽ ഇങ്ങനെയൊരു പുസ്തകമുണ്ടാവാനുള്ള സാഹച ര്യമെന്താണ്? എന്തുകൊണ്ട് സംസ്കൃതത്തിലൊരു പുസ്തകമുണ്ടായി? കാരണം ആ കാലത്തുണ്ടായ പുസ്തകങ്ങൾ മിക്കവാറും സംസ്കൃതഭാഷയിലല്ല. സംസ്കൃതത്തിൽ വളരെ കുറച്ച് ഗ്രന്ഥങ്ങൾ മാത്രമാണ് കേരളത്തിൽ തന്നെ ഉണ്ടായിട്ടുള്ളത്. ഇങ്ങനെ യൊരവസരത്തിൽ സംസ്കൃതത്തിൽ തന്നെ ഒരു ഗ്രന്ഥമെഴുതാൻ കൈക്കുളങ്ങര രാമ

വാര്യർ തയ്യാറായി. ഇങ്ങനെ രണ്ടുമൂന്നു വിഷയങ്ങളാണ് ഇതിന്റെയൊരു പശ്ചാത്തലമായി ഞാൻ പറയാനുദ്ദേശിയ്ക്കുന്നത്.

പിന്നെയൊരു വിഷയം ശാസ്ത്രഗ്രന്ഥങ്ങൾക്ക് മൗലികത ആവശ്യമുണ്ടോ എന്നതാണ്, ആവശ്യമില്ല എന്നതാണ് എന്റെ അഭിപ്രായം. കാരണം ആരുപറഞ്ഞു എന്നുള്ളതിന് പ്രാധാന്യം വളരെ കുറവാണ്. പഴയ കാലത്ത് കേരളത്തിൽ മണിപ്രവാള ശൈലിയിലെഴുതപ്പെട്ട ഗ്രന്ഥങ്ങളിലൊന്നും തന്നെ ഗ്രന്ഥകർത്താവിന്റെ പേര് ഇല്ലായിരുന്നു. ചികിത്സാമഞ്ജരി, സഹസ്രയോഗം, യോഗാമൃതം തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവ് ആരാണെന്ന് ഇപ്പോഴും പറയുക സാദ്ധ്യമല്ല. ഇവ തലമുറകളായി കൈമാറി വന്ന വിജ്ഞാനം രേഖപ്പെടുത്തിവെയ്ക്കുന്നു എന്നു മാത്രം. പഴയകാലത്തൊന്നും എഴുതിവെയ്ക്കുന്നൊരു ശീലമില്ല. പതിനെട്ടാം നൂറ്റാണ്ടിനുശേഷമാണ് എഴുതിവെയ്ക്കുന്ന ഒരു ശീലം കേരളത്തിലുണ്ടായത്, പ്രത്യേകിച്ചും മണിപ്രവാളശൈലിയിൽ.

കേരളത്തിലെ ബാലചികിത്സാപാരമ്പര്യത്തെക്കുറിച്ച് പറയുമ്പോൾ സംഹിതാഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി തന്നെയാണ് ബാലചികിത്സാപാരമ്പര്യം ഉണ്ടായിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം. പ്രത്യേകിച്ചും പഴയ തലമുറയിലെ നാട്ടുവൈദ്യപാരമ്പര്യം അഥവാ വേലന്മാർ എന്ന വർഗ്ഗത്തിന്റെ കൈമുതലായിരുന്ന ഒരു ചികിത്സാപാരമ്പര്യം. അഷ്ടവൈദ്യന്മാരെപ്പോലെ വളരെയധികം ബഹുമാനിയ്ക്കപ്പെട്ടിരുന്ന ഗോത്രവൈദ്യന്മാർ നമുക്കുണ്ടായിരുന്നു. ഈ രണ്ട് ചികിത്സാപാരമ്പര്യവും സമാന്തരമായിട്ടു തന്നെ കേരളത്തിൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിലനിന്നുപോന്നിരുന്നു. ചാമി എന്ന നാട്ടുവൈദ്യനെ അഷ്ടവൈദ്യന്മാർ പോലും ബഹുമാനിച്ചിരുന്നത് നമുക്കറിയാം.

ബാലചികിത്സ പോലുള്ള കേരളീയ ഗ്രന്ഥങ്ങൾ പ്രയോഗങ്ങൾക്ക് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പല കേരളീയ ഗ്രന്ഥങ്ങളും പരിശോധിച്ചപ്പോൾ അതിൽ സിദ്ധാന്തങ്ങൾ വിവരിക്കുന്ന ഭാഗം വളരെ കുറവായിരുന്നു. താത്വികവശത്തിന് അഷ്ടാംഗഹൃദയം പോലുള്ള ഉപരിഗ്രന്ഥങ്ങളെ ആശ്രയിക്കണം. പക്ഷേ താത്വികത വരുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായിരുന്നു. പ്രാഥമികമായിട്ടുള്ള കാര്യങ്ങളിൽ താത്വികത വരുത്തേണ്ടി വരുമ്പോഴാണ് ഗ്രന്ഥങ്ങളുണ്ടാവുന്നത് എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഗ്രന്ഥങ്ങളുടെ പ്രാധാന്യം അതാണ്. ചികിത്സാമഞ്ജരി വളരെ പ്രായോഗികമായിട്ടുള്ള പുസ്തകമാണെങ്കിലും അവിടെ അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിട്ടുള്ള രോഗത്തിന്റെ നിദാനം, രൂപം, സംപ്രാപ്തി എന്നീ കാര്യങ്ങൾ അതേപടി പകർത്തുമ്പോൾ ഈ പ്രയോഗികവിജ്ഞാനത്തെ താത്വികജ്ഞാനവുമായിട്ട് യോജിപ്പിയ്ക്കാനുള്ള ഒരു ശ്രമമാണ് നടക്കുന്നത്. അതുതന്നെയാണ് കൈക്കുളങ്ങരയും ചെയ്തിട്ടുള്ളത്. കൈക്കുളങ്ങര ഉണ്ടാക്കിയതാണ് ഈ ഗ്രന്ഥം എന്നോ ചികിത്സകൾ മുഴുവൻ അദ്ദേഹം കണ്ടെത്തിയതാണെന്നോ അതിൽ പറഞ്ഞിട്ടുള്ള കരപ്പൻ, വാർപ്പൻ എന്നീ പതിനെട്ടുതരം അല്ലെങ്കിൽ അൻപതൊന്ന് തരം രോഗങ്ങളെ കൈക്കുളങ്ങര ഒരു

ദിവസമിരുന്ന് ധ്യാനിച്ചുണ്ടാക്കിയതാണെന്നോ ഒരിയ്ക്കലും വിചാരിക്കാൻ വയ്യ. ചരക സംഹിത എന്നു പറയുന്നത് ആത്രേയൻ ഉപദേശിച്ചതും, അഗ്നിവേശൻ എഴുതി ചരകൻ പ്രതിസംസ്കരിച്ചതും, ദൃഢബലൻ കൂട്ടിച്ചേർത്തതും, പിന്നീട് ചക്രപാണി പോലുള്ള വ്യക്തികൾ വ്യാഖ്യാനിച്ചതും ആയ ഗ്രന്ഥമാണ്. അല്ലാതെ ചരകന്റെ മാത്രം സംഹിതയല്ല. അതുപോലെ ആരോഗ്യകല്പദ്രുമം ഒരു പരിണാമത്തിന്റെ ഭാഗമായി ഒരു ഘട്ടത്തിൽ കൈക്കുളങ്ങര രാമവാര്യർ ഈ നാട്ടറിവുകൾ നഷ്ടപ്പെടാൻ പാടില്ല എന്നുദ്ദേശിച്ചു കൊണ്ട് ഒരു ഗ്രന്ഥമായി രൂപം നൽകിയതാണ്.

കൗമാരഭൃത്യത്തിന്റെ നിർവചനം തന്നെ 'കുമാരഭരണധാത്രീ ക്ഷീരദോഷസംശോധനാർത്ഥം ദുഷ്ടസ്തന്യഗ്രഹസമുത്ഥാനാം ച വ്യാധീനാം ഉപശമനാർത്ഥം' എന്നാണ്. ഈയൊരു നിർവചനം പലപ്പോഴും കേരളത്തിലെ സാഹചര്യത്തിൽ പൂർണ്ണമല്ല. ബാലചികിത്സ എന്നുപറയുന്നത് കായചികിത്സ പോലെ തന്നെയാണ്. കാരണം ബാലന്മാർക്ക് മുതിർന്നവർക്കു വരുന്ന എല്ലാ രോഗങ്ങളും വരാം, അതിൽ കൂടുതലും വരാം. അതുകൊണ്ട് ബാലചികിത്സാഗ്രന്ഥം സംഹിതാ ചട്ടക്കൂടുകളിലുള്ള സ്വതന്ത്ര ഗ്രന്ഥം തന്നെയായിരിയ്ക്കണം. വിഷചികിത്സപോലെയല്ല, വിഷചികിത്സയെഴുതുമ്പോൾ വിഷത്തെക്കുറിച്ചുമാത്രം എഴുതിയാൽ മതി. പക്ഷേ ബാലചികിത്സ എഴുതുമ്പോൾ സ്തന്യരോഗങ്ങളേക്കുറിച്ചും ഗ്രഹരോഗങ്ങളേക്കുറിച്ചും വിഷരോഗങ്ങളേക്കുറിച്ചും ഒക്കെ എഴുതേണ്ടി വരും. അതുകൊണ്ട് കൗമാരഭൃത്യത്തിന് സമ്പൂർണ്ണമായ ഒരു ഗ്രന്ഥം തന്നെ ആവശ്യമാണ്.

കേരളീയർക്ക് ചികിത്സാനുഭവങ്ങൾ കുറിച്ചുവെയ്ക്കുകയെന്ന ഒരു ശീലമുണ്ടായിരുന്നു. ചികിത്സാമഞ്ജരി അങ്ങനെയാണുണ്ടായതെന്നു വിശ്വസിയ്ക്കുന്നു. പകർത്തിയെഴുതുമ്പോൾ പോലും കൂട്ടിചേർക്കുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. ഓരോ കാലത്തുമുണ്ടായിരുന്ന അറിവുകൾ കൂട്ടിചേർക്കുക എന്നത് ആവശ്യവുമാണ്. അതുകൊണ്ട് ശാസ്ത്രഗ്രന്ഥങ്ങൾക്ക് മൗലികത ഉണ്ടാവാൻ പാടില്ല. ആധുനിക ശാസ്ത്രഗ്രന്ഥങ്ങളായ ഹാരിസൺ പോലെയുള്ളതിൽ ഇരുപതാമത്തെ എഡിഷനിൽ പറഞ്ഞ കാര്യങ്ങൾ മാത്രമല്ല ഇരുപത്തൊന്നാമത്തെ എഡിഷനിൽ വരുന്നത്, അതിൽ കൂട്ടിചേർക്കലുകളുണ്ട്. ഏതു ഗ്രന്ഥത്തിലാണ് ഒരു പ്രസ്താവന വന്നിട്ടുള്ളത് എന്നതിനേക്കാൾ പ്രാധാന്യം ഏത് പാരമ്പര്യത്തിലൂടെയാണ് അത് വന്നിട്ടുള്ളത് എന്നതിനാണ്. കേരളീയ പാരമ്പര്യത്തിലൂടെ വന്നിട്ടുള്ള ഒരുപാട് ഔഷധങ്ങൾ പഠിയ്ക്കാനുള്ള ഒരു ഉപാധിയായിട്ട് ആരോഗ്യകല്പദ്രുമത്തിനെ നമ്മൾ ഉപയോഗിയ്ക്കുകയാണ് വേണ്ടത്. ആ രീതിയിലാണ് ആരോഗ്യകല്പദ്രുമത്തിനോട് നീതി പുലർത്തേണ്ടത് എന്നാണെന്റെ അഭിപ്രായം.

കൈക്കുളങ്ങര രാമവാരിയർ എഴുതിയിട്ടുള്ള 'ബാലചികിത്സാഗ്രന്ഥ'മാണ് ആരോഗ്യകല്പദ്രുമം എന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. അങ്ങനെ എടുത്തുപറഞ്ഞിരുന്നില്ലെങ്കിൽ

ഇത് ബാലചികിത്സയ്ക്കു മാത്രമുള്ള ഗ്രന്ഥമല്ലെന്ന് നമുക്ക് തോന്നുമായിരുന്നു. അതിന്റെ അവസാനത്തിൽ കുട്ടികൾക്കുവേണ്ടി പറഞ്ഞിട്ടുള്ളതാണെങ്കിലും മുതിർന്ന വർക്കുകൂടെ പ്രയോജനപ്രദമാണെന്ന് അദ്ദേഹം പറയുന്നു.

## ഗ്രന്ഥകർത്താവിനെ കുറിച്ച്

അത്ഭുതസിദ്ധിയുള്ള ആളായിരുന്നു കൈക്കുളങ്ങര രാമവാര്യർ എന്നു നമുക്കറി യാം. അദ്ദേഹം കുന്ദംകുളം, തൃശൂർ എന്നിവിടങ്ങളിലെ ഒന്നു രണ്ടു പ്രസ്സുകളുമായി ബന്ധപ്പെട്ടാണ് ഗ്രന്ഥരചന നടത്തിയിരുന്നത്. ഇതിന് വ്യക്തമായ രേഖയുണ്ട്. കേരള ത്തിൽ അച്ചടി വരുന്നത് ആയിരത്തി എണ്ണൂറ്റി ഇരുപതിലാണ്. കൈക്കുളങ്ങര രാമവാ ര്യർ 1896 ലായിരിയ്ക്കണം (കൃത്യമായി അറിയില്ല) അന്തരിച്ചത്. അതിന് ഏകദേശം പത്തു വർഷം മുമ്പെ അഷ്ടാംഗഹൃദയത്തിന് ''സാരാർത്ഥദർപ്പണം''എന്ന വ്യാഖ്യാന മെഴുതി. അതിന് ശേഷമായിരിയ്ക്കണം ഈ ഗ്രന്ഥം എഴുതിയിട്ടുണ്ടാവുക. അഷ്ടാംഗ ഹൃദയത്തിലുള്ള വ്യുത്പത്തി ഈ ഗ്രന്ഥത്തിൽ പ്രകടമായി കാണാനുണ്ട്.

ഇദ്ദേഹം തലപ്പിള്ളി താലൂക്കിൽ കൈക്കുളങ്ങര നാരായണി വാരസ്യാരുടേയും കൈതക്കോട്ട് ഭട്ടതിരിപ്പാടിന്റെയും മകനായി 1832 ൽ (കൊല്ലവർഷം 1008) ജനിച്ചു. തർക്കം,വ്യാകരണം അലങ്കാരം എന്നിവ പഠിച്ചു. ഇദ്ദേഹം പുന്നത്തൂർ രാജകുടുംബാംഗ ങ്ങളെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരിയ്ക്കുന്ന സമയത്ത്, അവരെ ഇംഗ്ലീഷ് പഠിപ്പി യ്ക്കാൻ ഒരു സായിപ്പ് വന്നു. സായിപ്പിന് കൊടുക്കുന്ന അതേ ശമ്പളം തന്നെ തനി യ്ക്കും വേണമെന്നു പറയുകയും കിട്ടാത്തതുകൊണ്ട് ഇറങ്ങിപ്പോരുകയും ചെയ്തു. കേരളത്തിലാദ്യമായി ശമ്പളത്തിനു വേണ്ടി സമരം ചെയ്ത വ്യക്തി എന്നാണദ്ദേഹത്തെ പ്പറ്റി അത്ഭുതപരമായി പറയുന്നത്.

പിന്നീട് കുറച്ചുകാലം കോട്ടയ്ക്കൽ കോവിലകത്ത് ഭാഗവതപാരായണം നടത്തി. കർണ്ണാടകത്തിൽ പോയി യോഗാനന്ദസ്വാമികളിൽ നിന്ന് ബ്രഹ്മസൂത്രം പഠിച്ചു. ഗുരു നൽകിയ മൂന്നു നാമധേയങ്ങളാണ് വാഗ്ദാസൻ, രാമാനന്ദനാഥൻ, പണ്ഡിതപാരവേ ന്ദ്രൻ എന്നിവ. കുടജാദ്രിയിലും മൂകാംബികയിലും കുറച്ചു മാസത്തെ താമസത്തിനു ശേഷം കേരളത്തിലേയ്ക്കു തിരിച്ചുവന്നു. കുന്ദംകുളം വിദ്യാരത്നപ്രഭ, കൊച്ചി സെന്റ് തോമസ്, തൃശൂർ കേരളകല്പദ്രുമം എന്നീ പ്രസ്സുകളുമായി സഹകരിച്ച് നാൽപതോളം ഗ്രന്ഥങ്ങൾ രചിച്ചു. അതിൽ മലയാളഗ്രന്ഥങ്ങൾ കുറവായിരുന്നു. ശരിയ്ക്കു പറഞ്ഞാൽ ഇദ്ദേഹത്തിന്റെ സംഭാവന എന്നു പറയുന്നത് സംസ്കൃതത്തെ കേരളത്തിൽ പുന:പ്രതി ഷ്ഠിയ്ക്കാൻ വേണ്ടി ശ്രമിച്ചു എന്നതാണ്. അതിന്റെ ഭാഗമായാണ് സംസ്കൃതത്തിലെ കാളിദാസകൃതമായ എല്ലാ മഹാകാവ്യങ്ങൾക്കും വ്യാഖ്യാനമെഴുതുകയും ആരോഗ്യക ല്പദ്രുമം പോലെയുള്ള പുസ്തകങ്ങൾ രചിയ്ക്കുകയും ചെയ്തത്. സംസ്കൃതത്തിനോ

ടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യം കൊണ്ടായിരിയ്ക്കും ഇത്രയൊക്കെ ചെയ്തത്. അല്ലാതെ വളരെയധികം പ്രാക്ടീസുള്ള ഒരു വൈദ്യനാണെന്ന് ആരും പറഞ്ഞുകേട്ടില്ല.

ആരോഗ്യകല്പദ്രുമമെന്നത് സ്വതന്ത്രവൈദ്യഗ്രന്ഥമാണ്. ആരോഗ്യകല്പദ്രുമത്തിന്റെ ആദ്യ എഡിഷനിൽ ആദ്യം തന്നെ 'മലപ്പുറത്ത് പുതിയേടത്ത് ഗോവിന്ദൻ നമ്പ്യാർ അവർകളുടെ ശിഷ്യനായി യോഗവിദ്യ ഉപദേഷ്ടാവായ യോഗാനന്ദസ്വാമി അവർകളിൽനിന്നും ലഭിച്ച നാമത്രയത്തോടുകൂടിയ കൈക്കുളങ്ങര വാരിയത്ത് രാമവാര്യരാൽ ഉണ്ടാക്കപ്പെട്ട വൈദ്യശാസ്ത്രഗ്രന്ഥം' എന്ന് എഴുതിയിട്ടുണ്ട്. അഷ്ടാംഗഹൃദയത്തിന് ''സാരാർത്ഥദർപ്പണം'', ''ഭാവപ്രകാശം'' എന്ന രണ്ടു വ്യാഖ്യാനങ്ങളെഴുതി. ഭാര്യ തെക്കേവാര്യത്ത് കുട്ടിവാരസ്യാർ. 1896 (കൊല്ലവർഷം 1073) ൽ ഇദ്ദേഹം അന്തരിച്ചു. ഇതാണ് രാമവാര്യരെക്കുറിച്ചു ഏറ്റവും ചുരുക്കി പറയാവുന്ന കാര്യങ്ങൾ.

<u>ഗ്രന്ഥത്തെ കുറിച്ച്</u>

സിദ്ധാന്തം അഥവാ സൂത്രസ്ഥാനം പോലെയുള്ള ഭാഗങ്ങൾ ഈ ഗ്രന്ഥത്തിലില്ല. ആദ്യം തന്നെ വൃദ്ധവൈദ്യമതാനുസാരമായിട്ടാണ് ഞാനീ പുസ്തകമുണ്ടാക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. അതായത് വാഗ്ഭടാദികളുടെ പാരമ്പര്യം അങ്ങനെത്തന്നെ സ്വീകരിച്ചുകൊണ്ട് അതിലില്ലാത്ത കാര്യങ്ങൾ ഞാൻ പറയുന്നു എന്നാണദ്ദേഹം പറഞ്ഞിട്ടുള്ളത്.

അഷ്ടാംഗഹൃദയത്തിൽ പറഞ്ഞ പല യോഗങ്ങളും ഭാഷ മാറ്റിയാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഇന്ദുകാന്തഘൃതത്തിന്റെ യോഗം പെട്ടെന്ന് കണ്ടാൽ മനസ്സിലാവില്ല. അതിലെ ഓരോ ഇൻഗ്രീഡിയൻസുമെടുത്ത് നോക്കിയാലേ മനസ്സിലാവൂ. അതുകൊണ്ട്, എന്തിനാണ് അദ്ദേഹം ഈ ഗ്രന്ഥം സംസ്കൃതത്തിൽ തന്നെ രചിച്ചത്? എന്തിനാണ് ഭാഷ മാറ്റി യോഗങ്ങളെ പറഞ്ഞത്? എന്നതെല്ലാം പരിശോധിക്കേണ്ട വസ്തുതകളാണ്.

ബാലചികിത്സകന്മാരുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ആരോഗ്യകല്പദ്രുമം നിലനിന്നിരുന്നുവെന്നും അതിനെ ഭാഷ മാറ്റി സംസ്കൃതത്തിലേയ്ക്കെഴുതുക മാത്രമാണ് കൈക്കുളങ്ങര ചെയ്തതെന്നും ഒരു വാദമുണ്ട്. ശരിയാണൊ തെറ്റാണോ എന്നറിയില്ല. ഏതാണ് ഒറിജിനൽ എന്നത് ശാസ്ത്രത്തിന്റെ വിഷയമല്ല. അതുകൊണ്ട് ആ വാദങ്ങളുടെ പിന്നാലെ പോവേണ്ട ആവശ്യവുമില്ല.

ആകെ നാൽപ്പതദ്ധ്യായങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഘടനാപരമായ കാര്യങ്ങളിൽ മറ്റു കേരളീയ ഗ്രന്ഥങ്ങളിൽ നിന്നും വലിയ വ്യത്യാസമൊന്നുമില്ല. ഏകദേശം ചികിത്സാമഞ്ജരി പോലെതന്നെയാണ്, ഭാഷാപരമായ വ്യത്യാസം മാത്രമേ ഉള്ളൂ. ചികിത്സാമഞ്ജരിയിലൊക്കെ നിദാന സംപ്രാപ്തികൾ അഷ്ടാംഗഹൃദയ

ത്തിൽനിന്നും അതേപോലെ പകർത്തിയെഴുതിയശേഷം ചികിത്സ പറയുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ ഗ്രന്ഥത്തിൽ രോഗത്തെക്കുറിച്ച് ഒന്നോ രണ്ടോ വരി മാത്രം പറഞ്ഞ് നേരെ ചികിത്സയിലേയ്ക്ക് കടക്കുകയാണ് ചെയ്തിട്ടുള്ളത്. സംഹിതാ ഗ്രന്ഥങ്ങളിലില്ലാത്ത രോഗങ്ങളെക്കുറിച്ചാണെങ്കിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. കരപ്പൻ, വാർപ്പൻ എന്നീ രോഗങ്ങൾ മറ്റു ഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിയ്ക്കാത്തതുകൊണ്ട് ആരോഗ്യകല്പദ്രുമത്തിന്റെ പകുതിയോളം ഈ ബാലരോഗങ്ങളെക്കുറിച്ച് വളരെ വിശദമായി പറയുന്നു. ഈയൊരു രീതിയിലാണ് ആരോഗ്യകല്പദ്രുമം അവതരിപ്പിച്ചിട്ടുള്ളത്.

ഈ ഗ്രന്ഥം തുടങ്ങുന്നത് ജാതമാത്രന്റെ ഉപചാരങ്ങളോടുകൂടിയാണ്. തുടർന്ന് ജ്വാരാദിക്രമത്തിൽ കായചികിത്സാഭാഗങ്ങൾ പറയുന്നു. ഇടയ്ക്ക് പിടക, ശീതപിത്തം പോലുള്ള രോഗങ്ങൾ അതാതു സ്ഥലത്ത് കൂട്ടിച്ചേർത്തു പറയുന്നു. ഇത് മാധവനിദാനത്തിന്റേയോ ചികിത്സാമഞ്ജരിയുടേയോ സ്വാധീനഫലമായിരിയ്ക്കാം. വാതവ്യാധി ചികിത്സക്കുശേഷം മറ്റു ഗ്രന്ഥങ്ങളിൽ കാണാത്ത രക്താനവസ്ഥ (വാർപ്പൻ) കുണ്ഡാലകം, നാഭീരോഗം എന്നീ രോഗങ്ങളെക്കുറിച്ച് പറയുന്നു. ശല്യതന്ത്രപ്രധാനമായിട്ടുള്ള വ്രണം, അപചി, ശ്ലീപദം, ഗ്രന്ഥി, ക്ഷുദ്രരോഗം എന്നിവ പറഞ്ഞതിനുശേഷം ഗുഹ്യരോഗപ്രകരണം. ഗുഹ്യരോഗപ്രകരണത്തിൽ സ്ത്രീരോഗങ്ങളെക്കുറിച്ചു പറയുന്ന സമയത്ത് ആർത്തവരോഗങ്ങളെക്കുറിച്ചും കൂടി പറയുന്നുണ്ട്. അതുകൊണ്ട് എല്ലാ അംഗങ്ങളേയും സ്പർശിച്ചിട്ടുണ്ട്. ശാലാക്യവിഭാഗത്തിലെ നേത്രരോഗം, കർണ്ണരോഗം, നാസാരോഗം, ശിരോരോഗം എന്നിവ തുടർന്നു വരുന്നു.

തുടർന്ന് ദോഷോന്മാദചികിത്സ. ദോഷോന്മാദമെന്ന് പ്രത്യേകിച്ച് എടുത്തുപറയുന്നു. അഷ്ടാംഗഹൃദയത്തിൽ നോക്കിക്കഴിഞ്ഞാൽ ഉന്മാദചികിത്സ എന്നു പറയുകയും പിന്നെ ഭൂതഗ്രഹത്തെക്കുറിച്ച് പറയുകയും ചെയ്യുന്നു. ഭൂതഗ്രഹത്തക്കുറിച്ച് പറയാതിരിയ്ക്കുകയും ദോഷോന്മാദത്തെക്കുറിച്ച് പറയുകയും ചെയ്യുന്നത് വളരെ അപൂർവമായി മാത്രം കാണുന്ന സംഗതിയാണ്. ദോഷോന്മാദചികിത്സയും അപസ്മാരചികിത്സയും ബാലഗ്രഹചികിത്സയും പറഞ്ഞശേഷം ശകുനീഗ്രഹമെന്ന ബാലഗ്രഹത്തെ കൂടുതൽ വിശദീകരിയ്ക്കാൻ വേണ്ടി കേരളത്തിൽ മാത്രം അറിയപ്പെടുന്ന പക്ഷിപീഡ എന്ന രോഗത്തെക്കുറിച്ച് (പുള്ള് എന്ന് മലയാളത്തിൽ അറിയപ്പെടുന്നു) വിശദമായി പറയുന്നു. ഇത് മറ്റൊരു ഗ്രന്ഥത്തിലും പറയാത്ത വസ്തുതയാണ്.

ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ സംഭാവന എന്താണെന്നു ചോദിച്ചാൽ പ്രാകാരയോഗങ്ങളാണെന്ന് നിസ്സംശയം പറയാം. പ്രകാരം എന്നാൽ മതിൽ. ഒരു കുട്ടിയെ മതിൽ കെട്ടി സംരക്ഷിച്ചുനിർത്തുന്ന പോലെയാണത്. പ്രകാരം എന്ന വാക്ക് അദ്ദേഹത്തിന്റെ സംസ്കൃതപാണ്ഡിത്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. പ്രാകാരയോഗങ്ങളിൽ ജനനം മുതൽ പതിനാറു വയസ്സു വരെ പ്രായമുള്ള ബാലന്മാർക്ക് വേണ്ട കാര്യങ്ങൾ

പതിനൊന്നുഘട്ടങ്ങളായി തരംതിരിച്ചു പറഞ്ഞിരിയ്ക്കുന്നു. ജാതമാത്രന് എന്തെല്ലാം ചെയ്യണം, പതിനഞ്ച് ദിവസം കഴിഞ്ഞാൽ എന്തു ചെയ്യണം, രോഗം വരാതിരിയ്ക്കാൻ എന്തു ചെയ്യണം എന്നിങ്ങനെയുള്ള ഒരു സംവിധാനം ആണ് പ്രാകാരയോഗങ്ങൾ.

വിഷപ്രകരണം മുതലായ അഗദതന്ത്രവിഷയങ്ങളാണ് പിന്നീട്. ശേഷം രസ-വിഷദ്രവ്യങ്ങളുടെ ശോധനം പറയുന്നു. അതിനുശേഷം പരിശിഷ്ഠചികിത്സാപ്രകരണം, ഗർഭചികിത്സ, തല കണ്ടാൽ ചെയ്യേണ്ടുന്ന കർമ്മങ്ങൾ എന്നിവകൂടി പറഞ്ഞ് ഗ്രന്ഥം അവസാനിപ്പിയ്ക്കുന്നു.

ആരോഗ്യകല്പദ്രുമത്തിന് മാത്രമായി ഒരു സൈദ്ധാന്തികത ഇല്ല. സംഹിതാഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങളോട് എത്രമാത്രം നീതി പുലർത്താൻ ശ്രമിച്ചു എന്നതാണ് നമ്മൾ മനസ്സിലാക്കേണ്ട ഒരു വിഷയം. പ്രത്യേകിച്ചൊരു സൈദ്ധാന്തിക മണ്ഡലമില്ലാതിരുന്ന ബാലചികിത്സാ പാരമ്പര്യത്തെ സംഹിതാഗ്രന്ഥങ്ങളിലെ തത്വങ്ങളുമായി കൂട്ടിയോജിപ്പിച്ചുനിർത്തുക എന്നതായിരിയ്ക്കണം കൈക്കുളങ്ങരയുടെ മുന്നിലുണ്ടായിരുന്ന ഏറ്റവും വലിയ വെല്ലുവിളി.

തുടക്കത്തിൽ തന്നെ ചികിത്സയെ സ്വസ്ഥവൃത്തമെന്നും ആതുരവൃത്തമെന്നും സംഹിതാഗ്രന്ഥങ്ങളിൽ വിശദീകരിയ്ക്കുന്ന പോലെത്തന്നെ രോഗങ്ങളുടെ അനുല്പത്തിയ്ക്കു വേണ്ടിയുള്ള കാര്യങ്ങൾ ആദ്യം പറയുകയും രണ്ടാമത് ചികിത്സ പറയുകയും ചെയ്യുന്നു. ബാലോപചരണീയം എന്നു പറയുന്നതു തന്നെ സ്വസ്ഥവൃത്തത്തിന്റെ ഒരു ഭാഗമാണെന്നു പറയാം. അതായത് ബാലോപചരണീയം ചെയ്തില്ലെങ്കിൽ രോഗങ്ങളുണ്ടാവുമെന്ന് പറയുന്ന ഒരു രീതി.

ദോഷാടിസ്ഥാനത്തിൽ രോഗങ്ങളെ വ്യവച്ഛേദിച്ച് മനസ്സിലാക്കുന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കരപ്പൻ അഥവാ വിസർപ്പമെന്ന രോഗത്തിന്റെ വിഭജനം. ഈ അമ്പത്തൊന്നു തരം വിസർപ്പങ്ങളിൽ ഏകദോഷജമായിരിയ്ക്കുന്ന മൂന്നെണ്ണത്തെ വീണ്ടും തരം തിരിച്ചിരിയ്ക്കുന്നു. ലക്ഷണങ്ങളെ കണ്ടിട്ട് വാതം, പിത്തം, കഫം എന്നിങ്ങനെ മൂന്നായി തിരിച്ചിരിയ്ക്കുന്നത് വളരെ ശ്രമകരമായൊരു പദ്ധതിയാണ്. രോഗത്തെ ദർശനത്തിലൂടെ മാത്രം എങ്ങനെ തിരിച്ചറിയണം എന്നു പറയുന്നിടത്ത് പിടകയുടെ സ്വഭാവം മാത്രം നോക്കിക്കൊണ്ട് സൂക്ഷ്മമായി പരിശോധിച്ചാൽ കരപ്പൻ ഏതുവിഭാഗത്തിൽപ്പെടുന്നു എന്ന് കൃത്യമായി പറയാൻ കഴിയും. ആദ്യകാലത്ത് കരപ്പൻ പതിനെട്ടു തരം ഉണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. ഇത് ആരുണ്ടാക്കിയതാണെന്നത് തർക്കവിഷയമാണ്.

രക്താനവസ്ഥ എന്ന രോഗത്തിൽ ദോഷം, രോഗമാർഗ്ഗം, നിജം ആഗന്തു എന്നീ സങ്കല്പങ്ങളെ അടിസ്ഥാനമാക്കിയാണു പതിനെട്ട് തരമായിട്ട് വിഭജിച്ചിരിയ്ക്കുന്നത്.

ഇത് വാതികമായ രോഗമാണ്. അതിൽ പിത്താനുബന്ധവും കഫാനുബന്ധവും ഉണ്ടാവുകയും അതിൽ തന്നെ ബാഹ്യമായിട്ടും ആഭ്യന്തരമായിട്ടും ഉണ്ടാവുകയും ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിൽ പതിനെട്ടു തരമായി തിരിയ്ക്കുന്ന ഒരു രീതി നമുക്കവിടെ കാണാം. അതുകൊണ്ട് അവിടെ രോഗമാർഗ്ഗം, ദോഷം, നിജം, ആഗന്തു ഈ സിദ്ധാന്തങ്ങളാണ് പ്രായോഗികമായി ഉപയോഗിച്ചിരിക്കുന്നത്.

മറ്റൊരു പ്രധാന സംഗതി, ജാതമാത്രൻ മുതൽ പതിനാറ് വയസ്സ് വരെയുള്ള ബാലന്റെ പ്രായത്തെ പതിനൊന്നായി വിഭജിച്ചു മനസ്സിലാക്കുന്നു എന്നതാണ്. ഒരു സംഹിതാഗ്രന്ഥത്തിലും ഇത്ര വിശദമായിട്ട് കാണില്ല. സാധാരണ ക്ഷീരാദൻ, ക്ഷീരാന്നാദൻ, അന്നാദൻ എന്നിങ്ങനെ മൂന്നായി ബാലന്റെ ആഹാരരീതിയ്ക്കനുസരിച്ച് തരം തിരിച്ചത് മാത്രമേ ശ്രദ്ധേയമായിട്ടുള്ളൂ. ഒരു രോഗി (ബാലൻ) നമ്മുടെയടുത്തു വരുമ്പോൾ ജാതമാത്രനും പക്ഷാതീതനും അതിപക്ഷതിഭൂയനും, ത്രൈമാസികനും ഒക്കെക്കൂടി ഉൾപ്പെടുത്തി അഷ്ടാംഗഹൃദയത്തിൽ പറയുന്നത് ഏകാബ്ദൻ ഒരു വർഷം പ്രായമുള്ള ഒരുകുട്ടിയായാണ്. പക്ഷേ ജാതമാത്രനും പക്ഷാതീതനും ചികിത്സ വ്യത്യാസപ്പെടുത്തേണ്ട ആവശ്യമുണ്ട്. കാരണം മരുന്നുകളുടെ പ്രയോഗത്തിൽ വ്യത്യാസമുണ്ട്. ജാതമാത്രന് നേരിട്ട് ചികിത്സിയ്ക്കേണ്ട ആവശ്യമില്ല. അമ്മയ്ക്കാണ് ചികിത്സ ചെയ്യേണ്ടത്. അത്യാവശ്യമെങ്കിൽ ചില ചൂർണ്ണങ്ങൾ സ്തന്യത്തിൽ ചേർത്ത് കൊടുക്കുകയോ മുലഞെട്ടിൽ പുരട്ടിയിട്ട് പാലു കുടിപ്പിയ്ക്കുകയോ ചെയ്യാം. ഈ ഔഷധ പ്രയോഗങ്ങൾ മാത്രമേ പറ്റൂ. കുറച്ചുദിവസം കഴിഞ്ഞാൽ ചികിത്സ മാറ്റാം. കഷായങ്ങളോ ചൂർണ്ണങ്ങളോ ഒക്കെ കൊടുത്തു തുടങ്ങാം. ഇങ്ങിനെ പറയണമെങ്കിൽ കുട്ടിയെ ജാതമാത്രനായിട്ടും ത്രൈമാസികനായിട്ടുമൊക്കെ വിഭജിച്ചാൽ മാത്രമേ പറ്റൂ. അതിനാൽ പതിനാറ് വയസ്സുവരെയുള്ള ഒരു ബാലനെ പതിനൊന്ന് ഘട്ടങ്ങളായി തിരിച്ച് അതിനനുസരിച്ചുള്ള ചികിത്സയും ഔഷധമാത്രയും പറഞ്ഞുതന്നിട്ടുണ്ട് ഒരു ചികിത്സകനെ സംബന്ധിച്ചിടത്തോളം വളരെ സൗകര്യപ്രദമാണ്.

സംഹിതാഗ്രന്ഥങ്ങളിൽ പറയുന്ന വയോവിഭജനം ചികിത്സയുടെ കാര്യത്തിൽ പ്രയോഗികമല്ലാത്തതുകൊണ്ടായിരിയ്ക്കും ഇത്തരത്തിൽ വിഭജിച്ചത്. ഈ ഗ്രന്ഥങ്ങളിൽ പറഞ്ഞ ഡിവിഷനെ ഡവലപ്പ്മെന്റൽ മൈൽസ്റ്റോൺസുമായി ചേർത്ത് പഠിയ്ക്കേണ്ട ആവശ്യമുണ്ട്.

ജാതമാത്രനെ സംബന്ധിച്ചിടത്തോളം വ്യാധിവിപരീതമായ ചികിത്സ പാടില്ല, ഹേതുവിപരീതചികിത്സയേ പാടൂ. വാതത്തിനും പിത്തത്തിനും കഫത്തിനും ഓരോ കഷായങ്ങൾ പറഞ്ഞിട്ടുണ്ട്. ദോഷമേതാണോ അതിനെ ചികിത്സിയ്ക്കുക. രോഗത്തിനെ പറ്റിയല്ല ചിന്ത. അതുകൊണ്ട് വ്യാധിവിപരീതചികിത്സയോ, ശോധനചികിത്സയോ പാടില്ല. ഹേതുവിപരീതമേ പാടുള്ളൂ. എന്നത് സൈദ്ധാന്തികമായ ഒരു സംഗതിയാണ്.

രക്താനവസ്ഥ എന്ന രോഗത്തിൽ ആശയാപകർഷം പോലെ ഒരു അവസ്ഥയുണ്ട്. അതിൽ വാതം കോപിച്ചിട്ട് രക്താശയത്തിൽ നിന്ന് രക്തത്തെ മറ്റ് ശരീരഭാഗങ്ങളിലേയ്ക്ക് പ്രവർത്തിപ്പിയ്ക്കുന്നു. ഇത് ആശയാപകർഷത്തിന് സമാനമാണ്. പക്ഷെ മാധവനിദാനം പോലെയുള്ള ഗ്രന്ഥങ്ങളിൽ കാണുന്നില്ല പക്ഷെ വ്യാഖ്യാതാക്കന്മാർ പറയുന്നുണ്ട്. അതിനാൽ ഇത് ആശയാപകർഷത്തിന് സമാനമായ ഒരു ഡിസ്കൃപ്ഷനാണ്.

അതുപോലെ രക്തസത്ംഭം, വാതശോണിതം തന്നെയാണ്. വാതശോണിതത്തിന്റെ പര്യായമായി പറയുന്നുമുണ്ട്. ഇവിടേയും ആവരണമാണ്. വാഗ്ഭടൻ ഇത് വാതശോണിതം നിദാനം അവസാനത്തിൽ പലേതരത്തിലുള്ള ആവരണം ഉണ്ടാകുന്നതായി പറയുന്നത്.

ജ്വരം ചികിത്സിച്ചുമാറിയാലും ധാതുവിന് കുഴപ്പം വരുന്നു. കുട്ടിയ്ക്ക് അസംപൂർണ്ണ ധാതുവായതുകൊണ്ട് പ്രത്യേകം ശ്രദ്ധിയ്ക്കണം എന്ന് പറയുന്നുണ്ട്. ജ്വരത്തിന്റെ കാര്യത്തിൽ മറ്റൊന്ന് ഉള്ളത് ജ്വരം അനുബന്ധമായിട്ടുള്ള ഏത് അസുഖത്തിനും വ്യാധിബലം നോക്കാതെ ആദ്യം ചികിത്സിയ്ക്കേണ്ടത് പനിയ്ക്കാണ്. പ്രത്യേകിച്ചും കുട്ടികളിൽ എന്ന് എടുത്ത് പറയുന്നു.

<u>മറ്റ് ഗ്രന്ഥങ്ങളുമായി താരതമ്യം</u>

മറ്റ് ഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്താൽ പ്രത്യേകിച്ചും ചികിത്സാമഞ്ജരി, സഹസ്രയോഗം, പ്രയോഗസമുച്ചയം എന്നിവയുടെ സാദൃശ്യമുണ്ട്. വിഷത്തിന്റെ കാര്യത്തിൽ പ്രയോഗസമുച്ചയത്തിലെ ഭാഗങ്ങളെ അതേപടി ഭാഷാവ്യത്യാസത്തോടെ പകർത്തിയതായി കാണാം. പക്ഷെ ഇത് പ്രയോഗസമുച്ചയത്തേക്കാൾ പഴയ ഗ്രന്ഥമല്ലേ? ആവാം. പക്ഷെ കൊച്ചുണ്ണി തമ്പുരാൻ ഏതോ ചില സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്ന് പകർത്തി എഴുതിയതാണ് പ്രയോഗസമുച്ചയം എന്ന വാദവും ഉണ്ട്.

ഇവിടെ ഇത്തരം ഗ്രന്ഥങ്ങളുമായുള്ള ബന്ധത്തിനേക്കാളേറെ ബന്ധമില്ലായ്മയാണ് പറയേണ്ടത്. ഉദാഹരണമായി കാശ്യപസംഹിതയുമായി ഒരു ബന്ധവും ഈ ഗ്രന്ഥത്തിനില്ല. ബന്ധമുണ്ടായിരുന്നുവെങ്കിൽ 'ഫക്ക' എന്ന രോഗത്തെക്കുറിച്ചോ ദന്തോല്പത്തിയെക്കുറിച്ചോ പറയുമായിരുന്നു. ഇതിനൊരു കാരണം പറയാവുന്നത് ദേവരാജ ശർമ്മ എന്ന നേപ്പാളിലുള്ള ഒരു രാജഗുരുവാണ് കാശ്യപസംഹിതയുടെ മൂലഗ്രന്ഥം എഡിറ്റുചെയ്ത് ഇന്ത്യയിലെത്തിച്ചത്. അദ്ദേഹം 18-ാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ് ജീവിച്ചത്. അതിനുമുമ്പ് ഈ ഗ്രന്ഥം നഷ്ടപ്രായമായിരിയ്ക്കുകയായിരുന്നു. കേരളത്തിൽ പതിനെട്ടാം നൂറ്റാണ്ടിൽ കൈക്കുളങ്ങര രാമവാരിയർ ആരോഗ്യകല്പദ്രുമം എഴുതുന്ന കാലത്ത് 'കാശ്യപസംഹിത'പ്രസിദ്ധമാകാനിടയില്ല.

ചികിത്സാമഞ്ജരിയിലും സഹസ്രയോഗത്തിലുമുള്ള ഒരുപാട് കാര്യങ്ങൾ ഇതിലേയ്ക്ക് വന്നിട്ടുണ്ട്. ചികിത്സാമഞ്ജരിയിൽ പതിനാറാം നൂറ്റാണ്ടുമുതലുള്ള കാര്യങ്ങൾ കാണാം. ചിലപ്പോൾ കൂട്ടിചേർക്കലുകൾ നടന്നിട്ടുണ്ടാവാം. ചികിത്സാമഞ്ജരിയിലോ സഹസ്രയോഗത്തിലോ അഷ്ടാംഗഹൃദയത്തിലോ പറഞ്ഞിട്ടുള്ള യോഗങ്ങൾ സ്വന്തം ഭാഷയിലാണ് രാമവാര്യർ ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്. എന്റെ ഭാഷയിലല്ലാത്ത ഒരു കാര്യവും ഈ ഗ്രന്ഥത്തിൽ വരരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുള്ളതായി നമുക്കു തോന്നും. സഹസ്രയോഗത്തിലെ ചില യോഗങ്ങൾ ഭാഷമാറ്റി കല്പദ്രുമത്തിൽ കാണുന്നു. എന്നാൽ ചില യോഗങ്ങൾ കല്പദ്രുമത്തിലേതുപോലെ തന്നെ സഹസ്രയോഗത്തിൽ കാണുന്നു. സഹസ്രയോഗമെന്നുപറയുന്നത് കുറെ കാലങ്ങൾ കൊണ്ടുണ്ടായ ഒരു ഗ്രന്ഥമായതുകൊണ്ട് കൂട്ടിചേർക്കലുകൾ ധാരാളമാണ്. ഭാഷാവ്യത്യാസത്തോടെ കല്പദ്രുമത്തിൽ കാണുന്ന യോഗങ്ങൾ സഹസ്രയോഗത്തിൽ നിന്നെടുത്തതും, കല്പദ്രുമത്തിലെ അതേ ഭാഷയിൽ സഹസ്രയോഗത്തിൽ കാണുന്ന യോഗങ്ങൾ പിന്നീട് സഹസ്രയോഗത്തിലേയ്ക്ക് പകർത്തിയെഴുതിയതും ആവുമെന്ന സന്ദേഹം എനിയ്ക്കുണ്ട്.

ഭാഷയുടെ പ്രത്യേകതകളൊക്കെ പറയുമ്പോൾ ശ്രദ്ധിയ്ക്കാനുള്ളത് സംസ്കൃതത്തെ ശാസ്ത്രഭാഷയായി പുനസ്ഥാപിയ്ക്കാനുള്ള ശ്രമം നടത്തിയെന്നതാണ്. പ്രത്യേകിച്ചും കരപ്പൻ, വാർപ്പൻ മുതലായ രോഗനാമങ്ങൾക്ക് പ്രാദേശികവ്യതിയാനം ഒരുപാടുണ്ടായപ്പോൾ അവയെ സംസ്കൃതീകരിച്ച് ഏകീകരിയ്ക്കാണ് അദ്ദേഹം ശ്രമിച്ചത്. അത് പിന്നീടാരും കാര്യമായി ഉപയോഗിച്ചില്ല.

ഗ്രന്ഥത്തിന്റെ പേരുതന്നെ കല്പദ്രുമം എന്നാണ്. കല്പദ്രുമം എന്നത് ഒരു സാങ്കല്പിക വൃക്ഷമാണെന്ന് പറയുന്നു. എല്ലാ അംഗങ്ങളും ഉപയോഗയോഗ്യമായ ഒരു വൃക്ഷത്തെ മാത്രമേ കല്പവൃക്ഷമെന്നു പറയാറുള്ളൂ. മലയാളികളെ സംബന്ധിച്ചിടത്തോളം അതു തെങ്ങാണ്. സാന്ദർഭികമായിട്ടാണെങ്കിലും നാളികേരത്തിന്റെ പ്രയോഗങ്ങളെപ്പറ്റി ഇത്രയേറെ പറയുന്ന ബാലചികിത്സാഗ്രന്ഥം വേറെയുണ്ടാവാനിടയില്ല. നാളികേരം, നാളികേരപ്പാൽ, നാളികേരവെള്ളം പ്രത്യേകിച്ച് വെളിച്ചെണ്ണ ഇവയുടെ ഏറ്റവും കുടുതലുപയോഗം ബാലചികിത്സയിലാണ്. അങ്ങനെയൊരു സാംഗത്യം അതിനുണ്ട്.

ചില ആചാര്യന്മാരുടെ പേരുകൾ നമുക്ക് ആരോഗ്യകല്പദ്രുമത്തിൽ കാണാം. ഇതിലൊന്ന് ഭേളന്റേതാണ്. ഭേളൻ എന്ന പേര് 'ഫേളൻ' എന്നാണ് എഴുതിക്കാണുന്നത്. ഭേളസംഹിത പരിശോധിച്ചപ്പോൾ ഭേളന്റെ പേരിൽ ആരോഗ്യകല്പദ്രുമത്തിൽ പറഞ്ഞിട്ടുള്ള യോഗങ്ങളൊന്നും കണ്ടില്ല.

ഇന്ദു, ഹാരീതൻ, ശൗനകൻ തുടങ്ങി പലരുടേയും പേരുകൾ വിവിധ സ്ഥലങ്ങളിലായി പറയുന്നുണ്ട്. രക്താനവസ്ഥ വാതശോണിതത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണെന്ന് ഹാരീതനും അങ്ങനെയല്ല കുട്ടികളുടെ കാര്യത്തിൽ വേറെയായി കണക്കാക്കണമെന്ന് ഇന്ദുവും പറയുന്നുവെന്ന് ഇതിൽ വിവരിക്കുന്നുണ്ട്. ഇന്ദു കേരളീയനായതുകൊണ്ട് കേരളീയരുടെ അഭിപ്രായം അതാകാം.

പല യോഗങ്ങളും വെളിച്ചെണ്ണയായി കാച്ചുവാനാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ സമയം പറയുമ്പോൾ നാഴിക എന്നാണ് പറഞ്ഞിട്ടുള്ളത്. അതും കേരളീയമായ ഒന്നാണ്. കൂടാതെ കേരളത്തിൽ മാത്രം കാണുന്ന ഒട്ടനവധി ഔഷധങ്ങളേയും ഈ ഗ്രന്ഥത്തിൽ കാണാം. അതിനെകുറിച്ച് ഇവിടെ മറ്റൊരു പേപ്പർ അവതരിപ്പിക്കുന്നതുകൊണ്ട് ഞാൻ വിസ്തരിക്കുന്നില്ല.

ഇത്രയും പറഞ്ഞുകൊണ്ട് ഞാനീ പ്രബന്ധം തുടർചർച്ചകൾക്കായി സമർപ്പിക്കുന്നു.